12161
17/7/19

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

വിജിലൻസ് വകുപ്പ്- വിജിലൻസ് &ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറേറ്റിൽ യു.ഡി.ടൈപ്പിസ്റ്റായിരുന്ന ശ്രീ അനിൽകുമാറിനെതിരെ സ്വീകരിച്ച ശിക്ഷാനടപടി 'സർവ്വീസിൽ നിന്നും നീക്കം ചെയ്യൽ' എന്നതിനു പകരം 'നിർബന്ധിത വിരമിക്കൽ' എന്നാക്കി മാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വിജിലൻസ്(സി) വകുപ്പ്

സ.ഉ.(കൈ) നം.12/2019/VIG തീയതി,തിരുവനന്തപുരം, 12/07/2019

പരാമർശം:- 1 വിജിലൻസ് ആന്റ് ആന്റി കറപ് ഷൻ ബ്യൂറോ പോലീസ് സൂപ്രണ്ട് (ഇന്റലിജൻസ് ) ന്റെ 12.06.2009 ലെ ജി-1-4594/2009 നമ്പർ ഉത്തരവ്

2 19.06.2013- ലെ 54/2013/ധന നം പരിപത്രം.

3 ശ്രീ.അനിൽ കുമാറിന്റെ 30.01.2017, 29.09.2018 തീയതികളിലെ അപേക്ഷകൾ.

4 വിജിലൻസ് ആന്റ് ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ13.03.2017, 2.09.2017 ലെ ജി 1-4594/2003 നമ്പർ കത്തുകൾ.

5 കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 3.08.2018-ലെ എ1(3)165/18/ ജി.ഡബ്ല്യ നമ്പർ കത്ത്.

6 കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 23.02.2019 ലെ എ1- 3/50041/18/കെ.പി.എസ്.സി നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ.കെ.എസ് അനിൽകുമാർ തിരുവനന്തപുരം വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറേറ്റിൽ യു.ഡി.ടൈപ്പിസ്റ്റായി ജോലി നോക്കി വരവേ 15-10-2002 മുതൽ അഞ്ചു വർഷക്കാലത്തേക്ക് ശൂന്യവേതനാവധിക്ക് അപേക്ഷിച്ചിരുന്നുവെങ്കിലും ടിയാന്റെ പേരിലുള്ള ധാരാളം കടബാദ്ധ്യത നിമിത്തം ടിയാന്റെ അവധി ശിപാർശ ചെയ്തിരുന്നില്ല. എന്നാൽ 15-10-2002 മുതൽ ടിയാൻ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുകയുണ്ടായി . കേരള സിവിൽ സർവ്വീസ് ക്ലാസിഫിക്കേഷൻ കൺട്രോൾ ആന്റ് അപ്പീൽ റൂൾസ് 1960 അനുശാസിക്കുന്ന വിധം ടിയാന് കുറ്റാരോപണ മെമ്മോ നൽകുകയും തുടർന്ന് വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ദക്ഷിണ മേഖലാ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ടിയാനെതിരായി ഒരു വാചകീയ അന്വേഷണം നടത്തുകയും അന്വേഷണത്തിൽ ടിയാനെതിരെയുള്ള ആരോപണങ്ങൾ

സംശയാതീതമായി തെളിയുകയും, തെളിയിക്കപ്പെട്ട ആരോപണങ്ങളുടെ ഗൗരവം കണക്കിലെടുത്ത് 1960 ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ റൂൾ 18(ii) പ്രകാരം ടിയാനെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടുകൊണ്ട് പരാമർശം ഒന്ന് പ്രകാരം ഇന്റലിജൻസ് വിഭാഗം പോലീസ് സൂപ്രണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി .

2. എന്നാൽ തനിക്ക് എതിരെ അച്ചടക്കനടപടി സ്വീകരിച്ചത് ശരിയായ രീതിയിൽ അല്ലായെന്നും ആയതിനാൽ തന്നെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ട് കൊണ്ടുള്ള ഉത്തരവ് പുനഃപരിശോധിച്ച് സേവനത്തിൽ തിരികെ പ്രവേശിപ്പിക്കുകയോ ശിക്ഷാനടപടി പുനഃപരിശോധിച്ച് നിർബന്ധിത വിരമിക്കൽ ആയി പരിഗണിക്കുകയോ ചെയ്യണമെന്ന് ആവശ്യപെട്ട് ശ്രീ.കെ.എസ്.അനിൽകുമാർ പരാമർശം മൂന്ന് പ്രകാരം നിവേദനം സമർപ്പിക്കുകയുണ്ടായി.

3. വരുമാനം ഒന്നും തന്നെയില്ലാതെയാകുകയും വിവിധ രോഗങ്ങൾ ബാധിച്ചതുകാരണം ശസ്ത്രക്രിയയ്ക്ക് വിധേയനാകുകയും 15 വർഷകാലത്തോളം സർക്കാർ സർവ്വീസിൽ യാതൊരുവിധ ശിക്ഷണ നടപടിക്കും വിധേയനാകാത്ത ശ്രീ.അനിൽകുമാറിന്റെ പരിതാപകരമായ അവസ്ഥ കണക്കിലെടുത്തും, സമാനമായ മറ്റൊരു കേസിൽ ആരോപണ വിധേയനായ ഉദ്യോഗസ്ഥന് ശിക്ഷ ഇളവ് ചെയ്തുകൊടുത്ത കീഴ്വഴക്കം പരിഗണിച്ചും"സർവ്വീസിൽ നിന്നും നീക്കം ചെയ്യൽ എന്ന ശിക്ഷാനടപടി പുനഃപരിശോധിച്ച് ആയത് "നിർബന്ധിത വിരമിക്കൽ" ആയി മാറ്റണമെന്ന ശ്രീ.അനിൽകുമാറിന്റെ ആവശ്യം സർക്കാർ താൽക്കാലികമായി അംഗീകരിക്കുകയും പി.എസ്.സിയുടെ അനുമതി തേടാൻ തീരുമാനിക്കുകയുമുണ്ടായി.

4.കേരള പബ്ലിക് സർവീസ് കമ്മീഷൻ പ്രസ്തുത സർക്കാർ തീരുമാനത്തോട് വിയോജിക്കുകയുണ്ടായി. 15 വർഷത്തെ സർക്കാർ സേവനകാലം പരിഗണിച്ച് ഇപ്പോഴത്തെ അനാരോഗ്യവും സാമ്പത്തിക ബുദ്ധിമുട്ട് കണക്കിലെടുത്തും സർവ്വീസിൽ നിന്നും പിരിച്ചുവിട്ട നടപടി പുനഃപരിശോധിക്കണമെന്ന അപേക്ഷയിൽ അനുകൂല തീരുമാനം ഉണ്ടാകണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ശ്രീ.അനിൽകുമാർ വീണ്ടും സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ പി.എസ്.സിയുടെ അഭിപ്രായം ഒരിക്കൽക്കൂടി തേടാൻ തീരുമാനിക്കുകയുണ്ടായി. എന്നാൽ പബ്ലിക് സർവീസ് കമ്മീഷന്റെ മുൻ ഉപദേശത്തിൽ നിന്ന് മാറ്റം വരുത്തുന്നതിനായുള്ള പുതിയ സാഹചര്യമോ തെളിവുകളോ സർക്കാർ കത്തിൽ കാണാൻ കഴിയുന്നില്ല എന്നും ആയതിനാൽ ബഹു കമ്മീഷന്റെ മുൻ ഉപദേശത്തിൽ ഉറച്ച നിൽക്കുകയും സർക്കാരിന്റെ താത് കാലിക തീരുമാനത്തോട് വിയോജിക്കുകയും ഉണ്ടായി.

5. ഈ കേസിലെ മുഴുവൻ വസ്തുതകളുടെയും സാഹചര്യങ്ങളുടെയും, കേരള പബ്ലിക് സർവീസ് കമ്മീഷന്റെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ സർക്കാർ വിഷയം ഒരിക്കൽ കൂടി വിശദമായി പരിശോധിക്കുകയുണ്ടായി . ശ്രീ.അനിൽകുമാറിന്റെ 15 വർഷത്തെ സർക്കാർ സർവ്വീസിൽ യാതൊരുവിധ ശിക്ഷണ നടപടിയ്ക്കും വിധേയനാകാത്ത സേവനകാലം പരിഗണിച്ചും ഇപ്പോഴത്തെ അനാരോഗ്യവും സാമ്പത്തിക ബുദ്ധിമുട്ടും അദ്ദേഹത്തിന്റെ പരിതാപകരമായ അവസ്ഥ

കണക്കിലെടുത്തും മാനുഷിക പരിഗണന നൽകി, കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം മറികടന്ന്, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറേറ്റിൽ യു.ഡി.ടൈപ്പിസ്റ്റായിരുന്ന ശ്രീ അനിൽകുമാറിനെതിരെ സ്വീകരിച്ച ശിക്ഷാനടപടി 'സർവ്വീസിൽ നിന്നും നീക്കം ചെയ്യൽ' എന്നതിനു പകരം 'നിർബന്ധിത വിരമിക്കൽ' എന്നാക്കി മാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. ശ്രീ.കെ.എസ്.അനിൽകുമാറിനെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത തീയതിയായ 12-6-2009 മുതൽ നിർബന്ധിത വിരമിക്കൽ തീയതിയായി കണക്കാക്കേണ്ടതാണ്. ചട്ടപ്രകാരം അർഹമായ പെൻഷൻ ആനുകൂല്യങ്ങൾ നിർബന്ധിത വിരമിയ്ക്കൽ നൽകുന്ന ഉത്തരവ് തീയതി മുതൽ പരാമർശം (2) ലെ പരിപത്രത്തിലെ നിബന്ധനകൾ പ്രകാരം ലഭിക്കുന്നതാണ്. ശ്രീ.കെ.എസ്.അനിൽകുമാറിനു പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് പെൻഷൻ അനുവദിക്കുന്ന അധികാരി ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ.വിശ്വാസ് മേത്ത**

**അഡീഷണൽ ചീഫ് സെക്രട്ടറി**

ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ( ആമുഖ കത്ത് സഹിതം)
ശ്രീ എ അനിൽകുമാർ, നാരായണ മന്ദിരം, കൊല്ലൂർ കോണം, പെരിങ്ങമല.പി.ഒ ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ്.
ഇൻഫർമേഷൻ ഓഫീസർ, വിവരവും പൊതുജനസമ്പർക്കവും വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Rashmi

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 10-07-2019

ഫയൽ നം.വിജി-സി1/276/2017-വിജി. ഇനം നം: 3171

171 വിഷയം : വിജിലൻസ് വകുപ്പ് - വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിലെ യു.ഡി.ടൈപ്പിസ്റ്റ് ശ്രീ. കെ.എസ്. അനിൽകുമാറിനെതിരെ സ്വീകരിച്ച സർവീസിൽ നിന്നും നീക്കം ചെയ്യുക എന്ന ശിക്ഷാനടപടി പുനഃപരിശോധിച്ച് ആയത് 'നിർബന്ധിത വിരമിക്കൽ' ആയി മാറ്റുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

11/7/19

ടോം ജോസ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര-വിജിലൻസ് വകുപ്പ്.

(9/7/19)

18/12/19

# കേരള സർക്കാർ

## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | : വിജി -സി1/276/2017/വിജി |
| 2. | വകുപ്പ് | : വിജിലൻസ് (സി) വകുപ്പ് |
| 3. | വിഷയം | : വിജിലൻസ് വകുപ്പ്- വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ യു.ഡി.ടൈപ്പിസ്റ്റ് ശ്രീ.കെ.എസ് അനിൽകുമാറിനെതിരെ സ്വീകരിച്ച സർവ്വീസിൽ നിന്നും നീക്കം ചെയ്യൽ എന്ന ശിക്ഷാനടപടി പുന:പരിശോധിച്ച് ആയത് 'നിർബന്ധിത വിരമിക്കൽ' ആയി മാറ്റുന്നത്- സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 01.04.2019 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | : ഉണ്ട് |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : ശ്രീമതി.ലതാകുമാരി.എം.ബി |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീ.ടി.കെ. ജോസ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 26.06.2019 |
| 10. | കരട് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീ.ടോം ജോസ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 03.07.2019 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ.പിണറായി വിജയൻ (ബഹു.മുഖ്യമന്ത്രി) |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യമന്ത്രി അംഗീകരിച്ച തീയതി | : 08.07.2019 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 09.07.2019 |
| 15. | മന്ത്രിസഭ യോഗം തീരുമാനമെടുത്ത തീയതി | : |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറേറ്റിൽ യു.ഡി.ടൈപ്പിസ്റ്റായിരുന്ന ശ്രീ. കെ.എസ് അനിൽകുമാറിനെതിരെ സ്വീകരിച്ച സർവ്വീസിൽ നിന്നും നീക്കം ചെയ്യൽ എന്ന ശിക്ഷാനടപടി പുന:പരിശോധിച്ച് ആയത് "നിർബന്ധിത വിരമിക്കൽ" ആയി മാറ്റണമെന്ന അപേക്ഷ സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2. ശ്രീ.കെ.എസ് അനിൽകുമാർ തിരുവനന്തപുരം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറേറ്റിൽ യു.ഡി.ടൈപ്പിസ്റ്റായി ജോലി നോക്കി വരവേ 15-10-2002 മുതൽ അഞ്ചു വർഷക്കാലത്തേക്ക് ശൂന്യവേതനാവധിക്ക് അപേക്ഷിച്ചിരുന്നുവെങ്കിലും ടിയാന്റെ പേരിലുള്ള ധാരാളം കടബാദ്ധ്യത നിമിത്തം ടിയാന്റെ അവധി ശിപാർശ ചെയ്തിരുന്നില്ല. എന്നാൽ 15-10-2002 മുതൽ ടിയാൻ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുകയുണ്ടായി . കേരള സിവിൽ സർവ്വീസ് ക്ലാസിഫിക്കേഷൻ കൺട്രോൾ ആന്റ് അപ്പീൽ റൂൾസ് 1960 അനുശാസിക്കുന്ന വിധം ടിയാന് കുറ്റാരോപണ മെമ്മോ നൽകുകയും തുടർന്ന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ദക്ഷിണ മേഖലാ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ടിയാനെതിരായി ഒരു വാചകീയ അന്വേഷണം നടത്തുകയും അന്വേഷണത്തിൽ ടിയാനെതിരെയുള്ള ആരോപണങ്ങൾ സംശയാതീതമായി തെളിയുകയും, തെളിയിക്കപ്പെട്ട ആരോപണങ്ങളുടെ ഗൗരവം കണക്കിലെടുത്ത് 1960 ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ റൂൾ 18(ii) പ്രകാരം ടിയാനെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടുകൊണ്ട് 12-6-2009 -ലെ ജി1-4594/2009 നമ്പർ പ്രകാരം ഇന്റലിജൻസ് വിഭാഗം പോലീസ് സൂപ്രണ്ട് ഉത്തരവ് പുറപ്പെടുവിച്ചു.

3. തനിക്ക് എതിരെയുള്ള അച്ചടക്കനടപടി സ്വീകരിച്ചത് ശരിയായ രീതിയിൽ അല്ലായെന്നും ആയതിനാൽ തന്നെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ട് കൊണ്ടുള്ള ഉത്തരവ് പുനഃപരിശോധിച്ച് സേവനത്തിൽ തിരികെ പ്രവേശിപ്പിക്കുകയോ ശിക്ഷാനടപടി പുന:പരിശോധിച്ച് നിർബന്ധിത വിരമിക്കൽ ആയി പരിഗണിക്കുകയോ ചെയ്യണമെന്ന് ശ്രീകെ.എസ്.അനിൽകുമാർ 30.01.2017 തീയതിയിലെ നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്നു.

4. വരുമാനം ഒന്നും തന്നെയില്ലാതെയാകുകയും വിവിധ രോഗങ്ങൾ ബാധിച്ചതുകാരണം ശസ്ത്രക്രിയയ്ക്ക് വിധേയനാകുകയും 15 വർഷകാലത്തോളം സർക്കാർ സർവ്വീസിൽ യാതൊരുവിധ ശിക്ഷണ നടപടിക്കും വിധേയനാകാത്ത ശ്രീ.അനിൽകുമാറിന്റെ പരിതാപകരമായ അവസ്ഥ കണക്കിലെടുത്തും, സമാനമായ മറ്റൊരു കേസിൽ ആരോപണ വിധേയനായ ഉദ്യോഗസ്ഥന് ശിക്ഷ ഇളവ് ചെയ്തുകൊടുത്ത കീഴ്വഴക്കം പരിഗണിച്ചും"സർവ്വീസിൽ നിന്നും നീക്കം ചെയ്യൽ എന്ന ശിക്ഷാനടപടി പുന:പരിശോധിച്ച് ആയത് "നിർബന്ധിത വിരമിക്കൽ" ആയി മാറ്റണമെന്ന ശ്രീ.അനിൽകുമാറിന്റെ ആവശ്യം താൽക്കാലികമായി അംഗീകരിക്കുകയും പി.എസ്.സിയുടെ അനുമതി തേടാം എന്ന് തീരുമാനിക്കുകയുമുണ്ടായി

5.കേരള പബ്ലിക് സർവീസ് കമ്മീഷന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"ഈ കേസ് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി ബഹു.കമ്മീഷൻ പരിശോധിച്ചു. 15.10.2002 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്ന ശ്രീ.കെ.എസ് അനിൽകുമാർ തന്റെ സുഹൃത്ത് നൽകിയ വിസയിൽ വിദേശത്ത് പോയി എന്ന് സമ്മതിച്ചിട്ടുണ്ട്. വകുപ്പ്തല നടപടിയ്ക്ക് മുൻപായി കുറ്റാരോപണ മെമ്മോയും കാരണം കാണിക്കൽ നോട്ടീസും കൈപ്പറ്റാതിരിക്കുകയും ടിയാന്റെ ഭാഗത്തുനിന്നും യാതൊരു പ്രതികരണവും ഇല്ലാതിരിക്കുകയും ആകയാൽ തുടർന്ന് 2009-ൽ ടിയാനെ പിരിച്ചുവിട്ടുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിലും ടിയാന്റെ ഭാഗത്തുനിന്നും ശിക്ഷാ നടപടി റിവ്യൂ ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് 8 വർഷത്തിനുശേഷം 08.02.2017 നാണ് നൽകിയത്. ടിയാൻ വലിയ സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുന്നു എന്ന് ടി കത്തിൽ പ്രതിപാദിച്ചിട്ടുള്ളത് വിശ്വസനീയമായി തെളിയിക്കാൻ ടിയാന് സാധിച്ചിട്ടില്ല. XII A Part I (KSRs) പ്രകാരമുള്ള തന്റെ LWA അപേക്ഷയിൽ സർക്കാർ തീരുമാനം എടുക്കാത്തത് കൊണ്ടാണ് ടിയാൻ അവധിയിൽ പോയതെന്ന ടിയാന്റെ വാദം സർക്കാർ ചട്ടങ്ങൾക്ക് വിരുദ്ധമാണ്. KCS(CCA) Rules ചട്ടം 15 പ്രകാരം നടപടികൾ സ്വീകരിക്കുവാൻ പ്രായോഗികമായി കഴിയാത്തതിനാൽ Rule 18(II) പ്രകാരമാണ് ടിയാനെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടുകൊണ്ട് ഉത്തരവായത്. എന്നാൽ KPDIP&A Rules പ്രകാരമാണ് തനിക്കെതിരെ അന്വേഷണ നടപടികൾ നടത്തിയതെന്നുള്ള ശ്രീ.അനിൽകുമാറിന്റെ വാദം തികച്ചും തെറ്റാണ്.

കൂടാതെ സമാനമായ മറ്റൊരു കേസിൽ സായുധ സേനാംഗമായ വ്യക്തിക്ക് പിരിച്ചുവിടൽ, നിർബന്ധിത വിരമിക്കൽ ആയി കുറച്ചു എന്നുള്ളത് ശ്രീ.അനിൽകുമാർ റിവ്യൂ ഹർജിയിൽ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. എന്നാൽ ടി കേസിൽ സർക്കാർ തീരുമാനത്തോട് ബഹു.കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വിയോജിക്കുകയാണ് ഉണ്ടായത്. കമ്മീഷന്റെ ഉപദേശം മറികടന്നുകൊണ്ടാണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

മേൽ ചൂണ്ടിക്കാണിച്ച കാരണങ്ങളാൽ ശ്രീ അനിൽകുമാറിന്റെ ശിക്ഷ സർവ്വീസിൽ നിന്നും നീക്കം ചെയ്യൽ എന്നതിനുപകരം നിർബന്ധിത വിരമിക്കൽ എന്ന സർക്കാർ തീരുമാനത്തോട് കമ്മീഷൻ വിയോജിക്കുകയും സർക്കാരിനെ അപ്രകാരം ഉപദേശിക്കുകയും ചെയ്യുന്നു'.

6. 15 വർഷത്തെ സർക്കാർ സേവനകാലം പരിഗണിച്ചും ഇപ്പോഴത്തെ അനാരോഗ്യവും സാമ്പത്തിക ബുദ്ധിമുട്ടും പരിഗണിച്ചും സർവീസിൽ നിന്ന് പിരിച്ചുവിട്ട നടപടി പുനഃപരിശോധിക്കണമെന്ന അപേക്ഷയിൽ അനുകൂല തീരുമാനം ഉണ്ടാവണം എന്ന് അഭ്യർത്ഥിച്ചു കൊണ്ട് ശ്രീ അനിൽകുമാർ വീണ്ടും സമർപ്പിച്ച അപേക്ഷയിൽ ഒരിക്കൽക്കൂടി പി.എസ്.സിയുടെ അഭിപ്രായം തേടാൻ തീരുമാനിച്ചു.

7. കേരള പബ്ലിക് സർവീസ് കമ്മീഷൻ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം മറുപടി നൽകുകയുണ്ടായി .

'ഈ കേസ് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ ബഹു കമീഷൻ വിശദമായി പരിശോധിച്ചു. പബ്ലിക് സർവീസ് കമീഷന്റെ മുൻ ഉപദേശത്തിൽ നിന്ന് മാറ്റം വരുത്തുന്നതിനായുള്ള പുതിയ സാഹചര്യമോ തെളിവുകളോ സർക്കാർ കത്തിൽ കാണാൻ കഴിയുന്നില്ല .ആയതിനാൽ ബഹു കമ്മീഷന്റെ മുൻ ഉപദേശത്തിൽ ഉറച്ചു നിൽക്കുകയും സർക്കാരിന്റെ പ്രസ്തുത താത്കാലിക തീരുമാനത്തോട് കമ്മീഷൻ വിയോജിക്കുകയും സർക്കാരിനെ അപ്രകാരം ഉപദേശിക്കുകയും ചെയ്യുന്നു'.

8. കേരള പബ്ലിക്. സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവായി.

9. ഈ വിഷയത്തിൽ ധനകാര്യവകുപ്പ് താഴെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

'വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറേറ്റിൽ യു.ഡി.ടൈപ്പിസ്റ്റായിരുന്ന ശ്രീ.കെ.എസ്.അനിൽകുമാറിനെതിരെ സ്വീകരിച്ച സർവ്വീസിൽ നിന്നും നീക്കം ചെയ്യൽ എന്ന ശിക്ഷാനടപടി പുന:പരിശോധിച്ച് ആയത് "നിർബന്ധിത വിരമിക്കൽ" ആയി മാറ്റുകയാണെങ്കിൽ സർവ്വീസിൽ നിന്നും നീക്കം ചെയ്ത തീയതിയാണ് നിർബന്ധിത വിരമിക്കൽ തീയതിയായി കണക്കാക്കേണ്ടതെന്നും ചട്ടപ്രകാരം അർഹമായ പെൻഷൻ ആനുകൂല്യങ്ങൾ നിർബന്ധിത വിരമിക്കൽ നൽകുന്ന ഉത്തരവ് തീയതി മുതൽ 19.06.2013 ലെ സർക്കുലർ നം.54/2013/ധന പ്രകാരം ലഭിക്കുന്നതാണ് എന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു'.

ബഹു.ധനകാര്യവകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം മറികടന്ന്, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറേറ്റിൽ യു.ഡി.ടൈപ്പിസ്റ്റായിരുന്ന ശ്രീ അനിൽകുമാറിനെതിരെ സ്വീകരിച്ച ശിക്ഷാനടപടി 'സർവ്വീസിൽ നിന്നും നീക്കം ചെയ്യൽ' എന്നതിനു പകരം മാനുഷിക പരിഗണന നൽകി 'നിർബന്ധിത വിരമിക്കൽ' എന്നാക്കി മാറ്റി ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണോ?